"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 30-09-2023

**സർക്കുലർ നം 33**

FM റേഡിയോ, ടിവി റിമോട്ട്, ക്ലോക്ക് മുതലായവ പ്രവർത്തിപ്പിക്കുന്നതിനായി ചില ജയിലുകളിൽ കാന്റീൻ വഴി തടവുകാർക്ക് ബാറ്ററികൾ വിതരണം ചെയ്യുന്നതായും ചില തടവുകാർ അനധികൃതമായി സൂക്ഷിച്ചിട്ടുള്ള തങ്ങളുടെ മൊബൈൽ ഫോൺ ഈ ബാറ്ററികൾ ഉപയോഗിച്ച് ചാർജ് ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ യാതൊരു കാരണവശാലും തടവുകാർക്ക് വ്യക്തിപരമായി എഫ്എം റേഡിയോ, ടിവി റിമോട്ട് മുതലായവ അനുവദിക്കാൻ പാടുള്ളതല്ല. ജയിൽ കാന്റീൻ മുഖേനയോ തടവുകാരുടെ സന്ദർശകർ വഴിയോ തപാൽ/പാർസൽ/കൊറിയർ എന്നിവ മുഖേനയോ മറ്റേതെങ്കിലും രീതിയിലോ തടവുകാർക്ക് ബാറ്ററികൾ അനുവദിക്കാൻ പാടുള്ളതല്ല. ജയിൽ ബ്ലോക്കുകളിലും മറ്റും പൊതുവായി സ്ഥാപിച്ചിട്ടുള്ള ക്ലോക്കുകൾ, ടിവി റിമോട്ടുകൾ മുതലായവക്കാവശ്യമായ ബാറ്ററികൾ ജയിലിന്റെ ചെലവിൽ തന്നെ വാങ്ങി ഉപയോഗിക്കേണ്ടതാണ്. ഇവ കൈകാര്യം ചെയ്യുവാൻ തടവുകാരെ അനുവദിക്കുവാൻ പാടുള്ളതല്ല.

കൂടാതെ എഫ്എം റേഡിയോയും ജയിലുകളിൽ പൊതുവായി കേൾപ്പിച്ചു കൊടുക്കേണ്ടതാണ്. ഇവ പരമാവധി വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതും ഉദ്യോഗസ്ഥർ നിയന്ത്രിക്കുന്നതും ആയിരിക്കണം. ടിവി റിമോട്ടുകളും തടവുകാർ കൈകാര്യം ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്. സർക്കുലറിലെ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസിനു വേണ്ടി

സ്വീകർത്താവ്: 1. എല്ലാ ജയിൽസ്ഥാപനമേധാവികൾക്കും
2. Prisons website

പകർപ്പ് : File, OC

G5-29146/2023/PrHQ

3042fd